**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5240** **14-03-2023 - ൽ മറുപടിയ്ക്ക്**

**ആശ്രിത സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആശ്രിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും 2878/ വി.ഐ.പി/എം(ആർ.ആന്റ്.എച്ച്) നമ്പരായി 25.11.2022-ന് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | ആശ്രിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് 2878/ വിഐ.പി/എം(ആർ.ആന്റ്.എച്ച്) നമ്പരായി 25.11.2022 ന് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയ അപേക്ഷയിന്മേൽ തെക്കുംഭാഗം വില്ലേജ് ഓഫീസർ, തെക്കുംഭാഗം വില്ലേജിലെ ചാർജ്ജ്ഓഫീസർ, കരുനാഗപ്പള്ളി തഹസിൽദാർ എന്നിവർ അന്വേഷണം നടത്തുകയും, അപേക്ഷകയായ സ്വാതി കൃഷ്ണ, പിതാവിന്റെ മരണത്തിന് മുമ്പ് തന്നെ വിവാഹിതയാണെന്നും, സർക്കാർ ഉദ്യോഗസ്ഥനായ ഭർത്താവിന്റെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതായും മരണപ്പെട്ട വ്യക്തിയുടെ ആശ്രിത അല്ലായിരുന്നു എന്നുള്ള വസ്തുതയും പ്രസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ച് കക്ഷിക്ക് നിയമാനുസൃതം അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതി നിരസിച്ചിട്ടുണ്ടോ; എങ്കിൽ നിരസിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (ബി) | ആശ്രിത സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് 2878/ വിഐ.പി/എം(ആർ.ആന്റ്.എച്ച്) നമ്പരായി 25.11.2022 ന് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയ അപേക്ഷയിന്മേൽ തെക്കുംഭാഗം വില്ലേജ് ഓഫീസർ, തെക്കുംഭാഗം വില്ലേജിലെ ചാർജ്ജ്ഓഫീസർ, കരുനാഗപ്പള്ളി തഹസിൽദാർ എന്നിവർ അന്വേഷണം നടത്തുകയും, അപേക്ഷകയായ സ്വാതി കൃഷ്ണ, പിതാവിന്റെ മരണത്തിന് മുമ്പ് തന്നെ വിവാഹിതയാണെന്നും, സർക്കാർ ഉദ്യോഗസ്ഥനായ ഭർത്താവിന്റെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതായും മരണപ്പെട്ട വ്യക്തിയുടെ ആശ്രിത അല്ലായിരുന്നു എന്നുള്ള വസ്തുതയും പ്രസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത അപേക്ഷ നിരസിച്ച് കക്ഷിക്ക് നിയമാനുസൃതം അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പരാതി നിരസിച്ചിട്ടുണ്ടെങ്കിൽ അത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 12/04/2010 ലെ സ.ഉ.(പി)നം.14/2010/ഉ.ഭ.പ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പരാതി നിരസിച്ചിട്ടുള്ളത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

ജീവനക്കാര്യം—സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം—വിവാഹിതരായ മകൻ/മകൾ എന്നിവരെ പരിഗണിക്കുന്നതും, വരുമാന പരിധി ഉയർത്തുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

**സ. ഉ. (പി) നമ്പർ 14/2010/ഉ.ഭ.പ.വ.** **തിരുവനന്തപുരം, 2010 ഏപ്രിൽ 12.**

---

പരാമർശം:—1. 24-5-1999-ലെ സ. ഉ. (പി) നമ്പർ 12/99/ഉ.ഭ.പ.വ.

2. 18-11-1999-ലെ സ. ഉ. (പി) നമ്പർ 24/99/ഉ.ഭ.പ.വ.

3. 15-7-2002-ലെ സ. ഉ. (പി) നമ്പർ 37/02/ഉ.ഭ.പ.വ.

4. 26-9-2009-ലെ സ. ഉ. (പി) നമ്പർ 81/09/പ.ജ.പ.വ.വി.വ.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന 1-ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് സൂചന (2), സൂചന (3) ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. നിലവിലുള്ള പദ്ധതി പ്രകാരം വിവാഹിതരായ മകനെയോ മകളെയോ സമാശ്വാസ തൊഴിലിന് പരിഗണിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സൂചന (3)-ലെ ഉത്തരവ് പ്രകാരം ആശ്രിത നിയമനപദ്ധതി പ്രകാരമുള്ള നിയമനത്തിന്റെ വരുമാന പരിധി 3 ലക്ഷമായി ഉയർത്തിയിരുന്നു. സൂചന (4)-ലെ ഉത്തരവിൻ പ്രകാരം ജസ്റ്റീസ് രാജേന്ദ്രബാബു കമ്മീഷൻ റിപ്പോർട്ടനുസരിച്ച് പി. എസ്. സി. മുഖേനയുള്ള നിയമനങ്ങളിൽ മറ്റു പിന്നോക്ക വിഭാഗങ്ങളിലെ നോൺ-ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷമായി ഉയർത്തുകയുണ്ടായി.

മുകളിൽ പറഞ്ഞ വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു താഴെ പറയുന്ന വ്യവസ്ഥകൾകൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I. (i) ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള നിയമനത്തിന് വിവാഹിതരായ മകൻ/മകൾ എന്നിവരെക്കൂടി പരിഗണിക്കുന്നതാണ്.

(ii) വിവാഹിതരായ മകൻ/മകൾ എന്നിവർ സമർപ്പിച്ചിട്ടുള്ളതിൽ ഇപ്പോൾ പരിഗണനയിലിരിക്കുന്ന ആശ്രിത നിയമനത്തിനുള്ള അപേക്ഷകളെ സംബന്ധിച്ച്, പ്രസ്തുത അപേക്ഷകർ, വിവാഹത്തിനുശേഷവും ടി സർക്കാർ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ മരണമടഞ്ഞ സമയത്ത് അദ്ദേഹത്തിന്റെ/അവരുടെ ആശ്രിതരായിരുന്നു എന്ന് തെളിയിക്കുന്ന തഹസിൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഈ ഉത്തരവിന്റെ തീയതി മുതൽ 6 മാസത്തിനകം ഹാജരാക്കേണ്ടതാണ്.

(iii) മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന തീയതി മുതലായിരിക്കും അപേക്ഷകരുടെ ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള സീനിയോറിറ്റി കണക്കാക്കുന്നത്.

(iv) ആശ്രിത സർട്ടിഫിക്കറ്റ് ഹാജരാക്കാനുള്ള സമയ പരിധിക്ക് യാതൊരു കാരണവശാലും ഇളവ് അനുവദിക്കുന്നതല്ല.

II. ആശ്രിത നിയമനത്തിന് ഇനി മുതൽ അപേക്ഷിക്കുന്ന വിവാഹിതരായ മകൻ/മകൾ എന്നീ അപേക്ഷകർ അപേക്ഷയോടൊപ്പംതന്നെ വിവാഹശേഷവും അവർ മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ ആശ്രിതരായിരുന്നു എന്ന തഹസിൽദാരുടെ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്.

III. ആശ്രിത നിയമന പദ്ധതിപ്രകാരമുള്ള നിയമനം ലഭിക്കുന്നതിന് നിലവിലുള്ള കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയിൽ നിന്ന് 4.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നു. അപേക്ഷകൻ/അപേക്ഷക, വിവാഹിതൻ/വിവാഹിതയാണെങ്കിൽ, വരുമാനപരിധി കണക്കാക്കുമ്പോൾ അപേക്ഷകന്റെ/അപേക്ഷകയുടെ വരുമാനംകൂടി കണക്കാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റ്റി. ജെ. മാത്യു,

*സെക്രട്ടറി.*

<u>പകർപ്പ്:</u>

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.

അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരളാ യൂണിവേഴ്സിറ്റി/കൊച്ചി/കോഴിക്കോട്/കണ്ണൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ.

രജിസ്ട്രാർ, ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഗവർണ്ണറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

ഡയറക്ടർ, പബ്ലിക് റിലേഷൻസ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.